LIBRARY ARCHIVES Kerala Legislative Assembly

ജോലി ലഭിക്കാനുള്ള ചാരായ തൊഴിലാളികൾ

72(2324) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാരായ നിരോധനം ഏർപ്പെടുത്തിയതിനുശേഷം കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ ജോലി ലഭിച്ച ചാരായ തൊഴിലാളികളുടെ എണ്ണം വർഷം തിരിച്ച് ലഭ്യമാക്കുമോ ;

(ബി) ഇനി എത്ര ചാരായതൊഴിലാളികൾക്ക് ജോലി ലഭിക്കാനുണ്ട് ; അവർക്ക് എന്നത്തേക്ക് ജോലി നല്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ;

(സി) ചാരായ-കള്ള് തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും അവരുടെ മക്കളുടെ വിദ്യാഭ്യാസം മെച്ചപ്പെട്ട രീതിയിൽ നല്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ട ചാരായത്തൊഴിലാളികൾക്ക് സർക്കാർ ജോലി ലഭ്യമാക്കിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) വിവരം ശേഖരിച്ചു വരുന്നു.

സൊസൈറ്റികൾ നടത്തുന്ന കള്ളുഷാപ്പുകളുടെ പ്രവർത്തനങ്ങൾ

73(2325) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ കള്ളുഷാപ്പുകൾ സൊസൈറ്റികളെ ഏൽപ്പിച്ചിട്ടുള്ളത് എത്ര റെയിഞ്ചുകളിലാണ് ;

(ബി) ഓരോ ജില്ലയിലും ഏതെല്ലാം റെയിഞ്ചുകളിലെ കള്ളുഷാപ്പുകളുടെ നടത്തിപ്പാണ് സൊസൈറ്റികളെ ഏൽപ്പിച്ചിട്ടുള്ളത് ;

(സി) സൊസൈറ്റികൾ നടത്തുന്ന കള്ളുഷാപ്പുകളുടെ പ്രവർത്തനങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇവയുടെ പ്രവർത്തനം എങ്ങനെയെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 29 റെയിഞ്ചുകളിൽ.

(ബി)

ജില്ല	റെയിഞ്ച്
എറണാകുളം	മാമല, പെരുമ്പാവൂർ, പിറവം
കോഴിക്കോട്	കോഴിക്കോട്, ഫറോക്ക്, താമരശ്ശേരി, ചേളന്നൂർ, കുന്ദമംഗലം, കൊയിലാണ്ടി, നാദാപുരം, ബാലുശ്ശേരി, വടകര
കണ്ണൂർ	കണ്ണൂർ, പാപ്പിനിശ്ശേരി, കൂത്തുപറമ്പ്, മട്ടന്നൂർ, തലശ്ശേരി, ഇരിട്ടി, പേരാവൂർ, തളിപ്പറമ്പ്, ശ്രീകണ്ഠപുരം, പയ്യന്നൂർ, ആലക്കോട്
കാസർഗോഡ്	കാസർഗോഡ്, കുമ്പള, ബദിയടുക്ക, ബന്തടുക്ക, ഹോസ്ദുർഗ്, നീലേശ്വരം

(സി) ഉണ്ട്.

(ഡി) സൊസൈറ്റികൾ നിലവിൽ തൃപ്തികരമായി പ്രവർത്തിച്ചു വരുന്നു.

സ്പിരിറ്റ് കടത്ത് കേസ്സുകൾ

74(2326) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രതിവർഷം ശരാശരി എത്ര സ്പിരിറ്റ് കടത്ത് സംഭവങ്ങൾ ഉണ്ടാകാറുണ്ട്, 2006 മുതൽ 2010 വരെ എത്ര സംഭവങ്ങളിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഇവയിൽ എത്ര കേസുകളിൽ പ്രതികളെ പിടികൂടിയിട്ടുണ്ട് ; എത്ര കേസുകളിൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ഈ കാലയളവിൽ എത്ര കേസുകളിലെ പ്രതികളെ ശിക്ഷിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രതിവർഷം ശരാശരി, 179 സ്പിരിറ്റ് കടത്ത് സംഭവങ്ങൾ ഉണ്ടാകാറുണ്ട്. 2006 മുതൽ 2010 വരെ, 895 സംഭവങ്ങളിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 672 കേസുകളിൽ പ്രതികളെ പിടികൂടുകയും പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) 594 കേസുകളിലെ 28 പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly